# പതിനാലാം കേരള നിയമസഭ

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2401 12.03.2020-ൽ മറുപടിയ്ക്ക്.

## വന്യ ജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ധനസഹായം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.മുഹമ്മദ് മുഹസിൻ പി. :</td><td colspan="2">അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അർഹതയുണ്ടോ; എങ്കിൽ അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;</td><td>(എ)</td><td>വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് നിയമ പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലവിൽ 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു.
<table>
<tr><th>കഷ്ട നഷ്ടങ്ങളുടെ സ്വഭാവം</th><th>നഷ്ടപരിഹാര തുക (രൂപ)</th></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക്</td><td>1 ലക്ഷം രൂപ<br>പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധി ഇല്ലാതെ ചെലവായ മുഴുവൻ തുകയും നൽകുന്നതാണ് (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ).</td></tr>
</table>
നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ സഹിതം, അപേക്ഷകന്റെ പരിധിയിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക്, അക്ഷയ കേന്ദ്രം മുഖേന, ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലേക്ക് ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ഇല്ലെങ്കിൽ ഇത്തരത്തിൽ അപകടം പറ്റുന്നവരുടെ ചികിൽസാ ചെലവുകൾ സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?</td><td>(ബി)</td><td>വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാ ചെലവിനുള്ള ധനസഹായം നൽകുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ